പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5448 25-10-2011-ൽ മറുപടി നൽകേണ്ടത്.

**"താലൂക്ക് ഓഫീസിലെ ക്ലാർക്കുമാരുടെ സ്ഥലം മാറ്റം"**

| | **ചോദ്യം**<br>**ശ്രീ. പി. തിലോത്തമൻ (എം.എൽ.എ.)** | | **മറുപടി**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹു. റവന്യൂ മന്ത്രി.** |
|---|---|---|---|
| (എ) | താലൂക്ക് ഓഫീസിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന സീറ്റിലെ മൂന്നു വർഷം പൂർത്തിയാകാത്ത ക്ലാർക്കുമാരെ സ്ഥലം മാറ്റരുതെന്നോ സീറ്റ് മാറ്റരുതെന്നോ നിർദ്ദേശിക്കുന്ന ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ; | (എ യും) (ബി യും) | റവന്യൂ ഡി.ആർ.എഫ്.എ വകുപ്പിന്റെ 27/12/07-ലെ87248/ഡി.ആർ.എഫ്.എ2/07/റവ സർക്കുലർ ഖണ്ഡിക 10 പ്രകാരം പ്രവർത്തന പരിചയമുള്ള ക്ലാർക്കിനെ മാത്രമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയമിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ നിർദ്ദേശപ്രകാരമുള്ള ക്ലാർക്കിനെ ലഭിക്കുന്നതിന് കാലതാമസം നേരിട്ട അവസരത്തിലാണ് താത്ക്കാലികമായി ഒരു ക്ലാർക്കിനെ നിയോഗിച്ചിട്ടുള്ളത്. ടി നിർദ്ദേശങ്ങൾക്കനുസരണമായിട്ടുള്ള ഉദ്യോഗസ്ഥനെ ലഭിച്ചപ്പോൾ പ്രസ്തുത ഉത്തരവിന്റെ അന്തഃസത്ത നിലനിറുത്തുന്നതിനായി ടിയാളെ സി.എം.ഡി.ആർ.എഫ്-ന്റെ ചുമതലകളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രാബല്യത്തിലിരിക്കെ ചേർത്തല താലൂക്ക് ഓഫീസിൽ സി.എം.ഡി.ആർ.എഫ് സീറ്റ് കൈകാര്യം ചെയ്യുന്ന ക്ലാർക്കിനെ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിപരീതമായി ഈ സർക്കാരിന്റെ കാലയളവിൽ മാറ്റിയിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത ക്ലാർക്ക് പ്രസ്തുത സീറ്റിൽ എത്ര മാസം ജോലി ചെയ്തു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തിയെ സീറ്റിൽ നിന്നും മാറ്റി ഉത്തരവിറക്കിയത് ആരാണെന്നു പറയാമോ; | (സി) | നാലുമാസം. തഹസിൽദാർ, ചേർത്തല |
| (ഡി) | സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം ക്ലാർക്കിനെ മാറ്റി ഉത്തരവിറക്കിയ ഓഫീസ് മേധാവിക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | എ&ബി എന്നീ പിരിവുകളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ നടപടി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ